# CENTRAL BOARD OF SECONDARY EDUCATION

## SAMPLE QUESTION PAPER FOR SSE - 2023-24

Std X | **MARKING SCHEME** | Maximum Marks : 80

TIME ALLOWED : 3 Hrs | ഉത്തരസൂചിക | ആകെ മാർക്ക് : 80

അനുവദിച്ച സമയം : 3 മണിക്കൂർ

## MALAYALAM (Code : 012)

---

**എ വിഭാഗം [Section : A]**

1. **അവധാരണം. ഗദ്യം 1 ശരിയുത്തരങ്ങൾ. (ഓരോന്നിനും 1 മാർക്കുവീതം)** (8x1=8)

1.(a) ബാഹ്യമായ വിഭിന്നതകൾക്കിടയിലൂടെയുള്ള ആന്തരൈക്യമാണ് ഭാരതീയ സംസ്കാരത്തിന്റെ പ്രധാനലക്ഷണം.

1.(b) ക്രിസ്തുവിനു മുമ്പ് മൂവായിരം വർഷത്തെ പുരാതനത്വം കല്പിക്കപ്പെടുന്നു.

1.(c) പരിണാമം, പരിവർത്തനം എന്നീ പദങ്ങൾ

1.(d) കുറഞ്ഞത് നാലായിരത്തില്പരം വർഷത്തെ പഴക്കമെങ്കിലും കല്പിക്കാം.

1.(e) അതിന്റെ സാംസ്കാരികൈക്യമാണ്.

1.(f) വിഭിന്നജനവർഗങ്ങളുടെയും അവരോടൊപ്പം വന്നുചേർന്ന വിവിധഭാഷകൾ വിവിധ മതങ്ങൾ ദർശനങ്ങൾ ആചാരങ്ങൾ വേഷക്രമങ്ങൾ എന്നിവയുടെയും സുദീർഘവും ശബളാഭവുമായ ഘോഷയാത്ര.

1.(g) ഭാരതത്തിന്റെ സാംസ്കാരികൈക്യവും ഭൂമിശാസ്ത്രപരമായ ഐക്യവും.

1.(h) ആര്യന്മാർക്കു മുമ്പ് സിന്ധുനദീതടം പരിഷ്കാരത്തിന്റെ പലപടികളും തരണം ചെയ്ത ഒരു വർഗ്ഗക്കാരാൽ അധിവസിതമായിരുന്നു എന്ന്.

2. **അവധാരണം. ഗദ്യം 2 ശരിയുത്തരങ്ങൾ. (ഓരോന്നിനും 1 മാർക്കുവീതം)** (7x1=7)

2.(a) അവയുടെ അനഘതയ്ക്കും അനർഘതയ്ക്കും യാതൊരു മൂല്യശോഷണവും സംഭവിച്ചില്ല.

2.(b) പ്രാചീനകാല സാമൂഹിക വ്യവസ്ഥിതിയുടെ സംഭാവനകളാണ് മിക്ക നാടൻകലകളും.

2.(c) കായികാദ്ധ്വാനത്തിന്റെ ക്ഷീണത്തെ ലഘൂകരിക്കുകയും വിശ്രമവേളകൾ കൂടുതൽ ഉല്ലാസപ്രദമാക്കുകയും ചെയ്തു.

2.(d) ആടലും പാടലും സ്വായത്തമാക്കിയ പ്രാചീനമനുഷ്യൻ.

2.(e) സുഖലോലുപജീവിതം നയിക്കുന്നവർ, അദ്ധ്വാനത്തിന്റെ വിയർപ്പുനീര് കുടിക്കുന്നവർ എന്നിങ്ങനെ സമൂഹം വേർതിരിഞ്ഞു നിന്നപ്പോൾ.

2.(f) തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പകർന്നുകൊടുക്കുന്ന പ്രക്രിയ അനുസ്യൂതം തുടർന്നുകൊണ്ടേയിരുന്നപ്പോൾ.

2.(g) അന്നത്തെ സമൂഹത്തിന്റെ ഹൃദയത്തുടിപ്പുകളാണ് കേൾക്കാൻ കഴിയുന്നത്.

3. **(ഏഴെണ്ണത്തിന് ശരിയുത്തരം എഴുതണം. പത്തെണ്ണം എഴുതിയാൽ ആദ്യത്തെ ഏഴെണ്ണം പരിഗണിക്കണം) (ഓരോന്നിനും 1 മാർക്കുവീതം)** (7x1=7)

3.(a) D. അന്ധസ്സ്

3.(b) B. പ്രാണിനി

3.(c) C. കുറവ്

3.(d) A. വിരുന്നകാരൻ - ദേവമാതാവ്

3.(e) C. ആകാശം മുട്ടുന്ന ഗോപുരം

3.(f) A. വാദം

3.(g) B. മൂലോച്ഛേദം

3.(h) B. ബ്രാഹ്മണഃ + അഹം

3.(i) D. വിമുഖം

3.(j) B. സംസാരബന്ധനം

4. **ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ എഴുതണം. പത്തെണ്ണം എഴുതിയാൽ ആദ്യത്തെ ഒമ്പതെണ്ണം മാത്രം പരിഗണിക്കണം. (ഓരോന്നിനും 1 മാർക്കുവീതം)** (9x2=18)

4.(a) (i) C. ദേഹത്തെ

(ii) C. പഞ്ചഭൂതങ്ങളായി മാറി

4.(b) (i) B. ദിവാകരനെ

(ii) B. ഭാഗ്യം

4.(c) (i) B. പൂക്കൾ തേടുന്ന കുട്ടികളെ

(ii) D. മലർക്കളത്തിന് പൂവിനായി

4.(d) (i) B. അമ്മ

(ii) D. കോവിലിൽ

4.(e) (i) B. മുക്കുറ്റി

(ii) C. മഹാബലിയെ

4.(f) (i) C. വെള്ളായിയപ്പൻ

(ii) C. റെയിൽവേസ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ ഇരിക്കുമ്പോൾ

4.(g) (i) A. ബ്രഹ്മശിരസ്സ്

(ii) C. അശ്വത്ഥാമാവ്

4.(h) (i) D. ജീവിതത്തിന്റെ ഭാഗമായി മാറിയ റേഡിയോ കൈവിട്ടുപോകുന്നതിലെ ദുഃഖം

(ii) A. മകനെ ചികിൽസിക്കാൻ കയ്യിൽ പണമില്ലാത്തതുകൊണ്ട്

4.(i) (i) A. ജില്ലാശുപത്രിക്കരികിൽ

(ii) C. തന്റെ പ്രവൃത്തി മറ്റാരും കാണാതിരിക്കാൻ

4.(j) (i) D. തുന്നിത്തീർന്നതിന്റെ കാശുകൊടുക്കാത്ത ആളുകൾ

(ii) B. ദാരിദ്ര്യം

5.(5 a) **അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക** (2x1=2)

(i) അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഞാത്തി — അംഗവാക്യം
എതിരേ വന്ന നീലി വഴിമാറി നിന്നു. — അംഗിവാക്യം

(ii) പലപ്പോഴും ആ കുടുസ്സുമുറിയിലേക്കു കാറ്റും വെളിച്ചവും കടക്കുന്നതിനായി - അംഗവാക്യം
ആളുകളോട് മാറിനിൽക്കാൻ ചാക്കുണ്ണിക്കു പറയേണ്ടി വന്നു - അംഗിവാക്യം

5.(5 b) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** (2x1=2)

(i) ആരുടെയും സഹായമില്ലാത്ത / നിസ്സഹായയായ ഇവയിൽ ഒന്നുമതി.

(ii) കുട്ടികളെ കൊലചെയ്തവനും / ബാലജീവിതഘാതിയും ഇവയിൽ ഒന്നുമതി.

5.(5 c) **പ്രയോഗം മാറ്റുക** (2x1=2)

(i) പകച്ചുപായുന്ന ആനകൾ അവരെ ചവിട്ടിയരച്ചു.

(ii) ജയിലിന്റെ പടിക്കൽ പാറാവുകാരനാൽ വെള്ളായിയപ്പൻ തടയപ്പെട്ടു.

5.(5 d) **ആശയം വ്യക്തമാകും വിധം സ്വന്തംവാക്യത്തിൽ പ്രയോഗിക്കുക** (2x1=2)

(i) താൽപര്യരഹിതം (ii) വിരുദ്ധാർത്ഥം (iii) കണ്ഠശുദ്ധി വരുത്തുക

(ആശയം വ്യക്തമാക്കിയ, സ്വന്തമായി നിർമ്മിച്ച വാക്യത്തിന് മുഴുവൻ മാർക്കു കൊടുക്കാം. പാഠപുസ്തകത്തിലെ വാക്യം സ്വീകാര്യമല്ല)

6.(6 a) **ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽക്കവിയാതെ ഉപന്യസിക്കുക** (5)

ഉപന്യാസമാതൃക - 2 മാർക്ക് അവതരണം - 3 മാർക്ക്

ആമുഖം, വിഷയം ഉൾക്കൊണ്ടുള്ള അവതരണം, ഉള്ളടക്കം, ആശയം, ഭാഷാശൈലി, അവതരണരീതി, ഖണ്ഡികാകരണം, ഉപസംഹാരം.

ഗ്രന്ഥശാല എന്ന സർവ്വകലാശാല

ആമുഖം - വായനയിലൂടെ ലഭിക്കുന്ന അറിവിന്റെ പ്രാധാന്യം - അജ്ഞാനാന്ധകാരത്തിൽ നിന്ന് വിജ്ഞാനത്തിന്റെ വെളിച്ചത്തിലേക്ക് നയിക്കുന്നു - സർവ്വകലാശാലകളെപ്പോലെ ഏതു വിഷയവും പകർന്നു തരുന്നു - ഏതു പ്രായത്തിലുള്ളവർക്കും - വടിയെടുക്കാതെയും കണ്ണുരുട്ടാതെയും പഠിപ്പിക്കുന്ന ഗുരുക്കന്മാരാണ് പുസ്തകങ്ങൾ - വാർത്താമാധ്യമങ്ങളും വായനയും - സാമൂഹ്യപുരോഗതിയിൽ ഗ്രന്ഥശാലകളുടെ പങ്ക് - ജീവിതയാത്രയിൽ കൂട്ടുകാർ - ഇഷ്ടപ്പെട്ട ഗ്രന്ഥങ്ങളുടെ ശേഖരം - ഗ്രന്ഥശാലാപ്രസ്ഥാനം - വായിച്ചുവളരുക - എഴുത്തു പഠിച്ച് കരുത്ത് നേടുക - പട്ടിണിയായ മനഷ്യാ പുസ്തകം കയ്യിലെടുത്തോളൂ, പുത്തനൊരായുധമാണത് - അക്ഷരം അഗ്നിയാണ് - വിവിധ വിജ്ഞാനമേഖലകളിലെ അറിവുകളുടെ ഭണ്ഡാരങ്ങളാണ് ഗ്രന്ഥങ്ങൾ - എപ്പോഴും എടുത്തു പരിശോധിക്കാവുന്ന സന്തതസഹചാരി - അനൗപചാരിക വിദ്യാഭ്യാസത്തിന് - സാംസ്കാരിക ഉന്നമനത്തിന് - സാക്ഷരത വളർത്താൻ - ഗ്രന്ഥശാലകൾ സർവ്വകലാശാലകൾ തന്നെ - (വിഷയവുമായി ബന്ധപ്പെട്ട ഇതര ആശയങ്ങളും സ്വീകരിക്കാം.) ഉപസംഹാരം

OR

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ

ആമുഖം- തൊഴിലില്ലായ്മ ഒരു ആഗോളപ്രശ്നം - അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകാൻ സർക്കാരിന് ബാധ്യത - പണിയെടുക്കാൻ സന്നദ്ധരായിട്ടും പണിയില്ലാത്ത അവസ്ഥ - തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവവും അപര്യാപ്തതകളും - പരമ്പരാഗത വിഷയങ്ങൾ അപ്രസക്തമായിക്കൊണ്ടിരിക്കുന്നു - സാങ്കേതിക വിദ്യാഭ്യാസം - പുതിയ തൊഴിൽമേഖലകളിലേക്ക് നയിക്കണം - അധ്വാനശേഷി ആവശ്യമുള്ള മേഖലകളിലെ യന്ത്രവൽക്കരണം, കൃത്രിമബുദ്ധി ഇവ തൊഴിലവസരങ്ങൾ കുറയ്ക്കുന്നു - ഭാവിയിൽ വരാനിരിക്കുന്ന വികസനത്തിന്റെ ചുവടുപിടിച്ചുള്ള തൊഴിൽ മേഖലകളിലേക്ക് സാങ്കേതിക പരിശീലനം - അഭ്യസ്തവിദ്യരുടെ ആത്മവിശ്വാസം ഉയർത്തണം - ഏറ്റവും പുതിയ സാങ്കേതിവിദ്യകളിലേക്ക് - (വിഷയവുമായി ബന്ധപ്പെട്ട ഇതര ആശയങ്ങളും സ്വീകരിക്കാം.) - ഉപസംഹാരം.

6 b) കത്ത് - രൂപഘടന (5)

പ്രേഷകൻ / പ്രേഷിത

മേൽവിലാസം

സ്വീകർത്താവ് / ഗ്രാഹകൻ

മേൽവിലാസം 2 മാർക്ക്

(മേൽവിലാസം എന്നുമാത്രം എഴുതുന്നതിനു പകരം മേൽവിലാസഘടകങ്ങളായ പേര്, വീട്ടുപേര് / ഓഫീസിന്റെ പേര്, സ്ഥലം, പോസ്റ്റ് ഓഫീസ്, പിൻകോഡ് എന്നിവ എഴുതണം)

അഭിസംബോധന, വിഷയസൂചനകൾ

കത്തിന്റെ ശരീരം 3 മാർക്ക്

ആമുഖം - ഉള്ളടക്കം - (ഖണ്ഡികതിരിച്ച് - വിഷയത്തിൽ ഒതുങ്ങുന്നതും സമഗ്രവും ആവശ്യങ്ങൾ സമർത്ഥിക്കപ്പെടുന്നതുമായിരിക്കണം.)

ഉപചാരവാക്ക്, ഒപ്പ്, പേര് ഇവ ഇടതുവശത്തോ വലതുവശത്തോ വരാം. തീയതി ഇടതുവശത്തു താഴേയോ എഴുതാം.

നിത്യോപയോഗസാധനങ്ങൾ - ഉത്പാദനമേഖലയിലെ തളർച്ച - പൂഴ്ത്തിവെയ്പ്പ് - അവശ്യസാധനങ്ങൾക്ക് പെട്ടെന്നുണ്ടായ വിലവർധന - പച്ചക്കറി, ഗ്യാസ്, എന്നിവയുടെ വിലവർധന - കുടുംബബജറ്റിന്റെ താളം തെറ്റുന്നു - ചെലവേറുന്നു - വരുമാനം വർധിക്കുന്നില്ല - വീട്ടമ്മമാരുടെ പ്രയാസങ്ങൾ - വിപണിയിൽ സർക്കാരിന്റെ ഇടപെടൽ അനിവാര്യം - പൊതു വിതരണമേഖല കാര്യക്ഷമമാക്കണം - പാവപ്പെട്ടവർക്ക് സൗജന്യറേഷൻ നൽകണം - അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണം - മുഖ്യമന്ത്രിയുടെ സത്വരശ്രദ്ധ പതിയണം വീട്ടമ്മമാരുടെ കണ്ണീരുതുടയ്ക്കാൻ അടിയന്തിര നടപടികൾ. (വിഷയവുമായി ബന്ധപ്പെട്ട ഇതരആശയങ്ങളും സ്വീകരിക്കാം.)

6 c) കാടുവിട്ട് നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളുടെ ശല്യം - ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സംബന്ധിക്കുന്ന പത്രവാർത്ത. (4)

രൂപഘടന 1½ മാർക്ക് വാർത്തയുടെ അവതരണം 2½ മാർക്ക്

വാർത്തയുടെ ഹൃദയത്തിലേക്കെത്തിക്കുന്ന ആകർഷകമായ ശീർഷകം.

സ്വന്തം ലേഖകൻ / പ്രത്യേക ലേഖകൻ

സ്ഥലം, തീയതി (സ്ഥലം, തീയതി എന്നുമാത്രമെഴുതിയാലും മാർക്കു നൽകാം.)

ഖണ്ഡികാകരണം.

ആമുഖം - സംഭവത്തിലേക്ക് നയിക്കുന്ന, വാർത്തയുടെ സംഗ്രഹരൂപം ഒന്നോ രണ്ടോ വാചകത്തിൽ.

വാർത്ത വിശദീകരണം - സംഭവിച്ചതെന്ത്? എവിടെ? എപ്പോൾ? എങ്ങനെ? ആരെല്ലാമാണ് ഉൾപ്പെട്ടത്? കാര്യകാരണങ്ങളും വിശദാംശങ്ങളും.

ഉപസംഹാരം. (ഭാഷാശുദ്ധി, അക്ഷരശുദ്ധി, റിപ്പോർട്ട് ചെയ്യാനുപയോഗിച്ച പത്രഭാഷ)

**അനുയോജ്യമായ ശീർഷകം**

സ്വന്തം ലേഖകൻ - വന്യമൃഗങ്ങളുടെ ആക്രമണത്തെക്കുറിച്ചുള്ള ഏതെങ്കിലും ഒരു പ്രത്യേകസംഭവം അവതരിപ്പിക്കുന്നതായിരിക്കണം ആമുഖം - അതിൽ നിന്ന് മലയോര പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ പൊതുവായ അവസ്ഥയിലേക്ക് - കർഷകരുടെ പ്രശ്നങ്ങൾ - കാട്ടിൽ കഴിയേണ്ട വന്യമൃഗങ്ങൾ നാട്ടിൽ ഭീതി വിതയ്ക്കുന്നു - ജീവനും കാർഷികവിളകൾക്കും സംരക്ഷണം കിട്ടുന്നില്ല - മനുഷ്യജീവന് വിലയില്ല - മനുഷ്യസുരക്ഷയെക്കാൾ മൃഗങ്ങളുടെ സുരക്ഷയ്ക്ക് പ്രാധാന്യം കൽപ്പിക്കുന്ന നിയമങ്ങൾ - നഷ്ടമായ ജീവനുകൾ - അനാഥമായ കുടുംബങ്ങൾ - ഏതു നിമിഷവും

മരണം മുമ്പിലെത്തുന്ന അവസ്ഥ - വനംവകുപ്പ് ഉദ്യോഗസ്ഥർ പോലും സുരക്ഷിതരല്ല - സംരക്ഷണം വേണം - പ്രതിവിധികൾ - സോളാർവേലികൾ - ആയുധം ഉപയോഗിക്കാനുള്ള അനുവാദം - (ബന്ധപ്പെട്ട ഇതര ആശയങ്ങളും സ്വീകരിക്കാം.)

7. **ചോദ്യങ്ങൾക്ക് 3 മാർക്കു നിശ്ചയിച്ചിട്ടുള്ളതിനാൽ എഴുത്തുകാരൻ, കൃതി, പാഠനാമം ഇവ ഉൾക്കൊള്ളുന്ന ആമുഖത്തിന് അരമാർക്ക് നൽകേണ്ടതാണ്. ബാക്കി ഉത്തരഭാഗത്തിന് രണ്ടരമാർക്ക് ആണ് നൽകേണ്ടത്.)**

**ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.** (2x3=6)

7 a) ആമുഖം, കർത്താവ് - ശ്രീ.കുട്ടിക്കൃഷ്ണമാരാർ പാഠം - യുദ്ധത്തിന്റെ പരിണാമം (ഭാരതപര്യടനം)

അശ്വത്ഥാമാവ് മഹാഭാരതത്തിലെ ശക്തനായ കഥാപാത്രം. കാലനെപ്പോലെ പെരുമാറ്റം. പകയുടെ മൂർത്തീഭാവം. ധൃഷ്ടദ്യുമ്നനെ നീചമായി വധിച്ചു. ആയുധം കൊണ്ട് കൊല്ലാനുള്ള അപേക്ഷ നിരസിച്ച് മർമ്മങ്ങളിൽ പെരുവിരൽ അമർത്തിക്കൊന്ന പൈശാചികത. ദ്രൗപദിയുടെ അഞ്ചുമക്കളെയും ക്രൂരമായി കൊന്നു. ശിബിരത്തിൽ ഉറങ്ങിക്കിടന്നവരെ വെട്ടിക്കൊന്നു. ചോരതെറിച്ച് കൂടുതൽ ഭയങ്കരനായി. ശിഖണ്ഡിയെ മൂന്നു കഷണമാക്കി. കൂടാരത്തിന് തീ കൊളുത്തി. പക സമാധാനം നൽകില്ല. മനുഷ്യമനസിലെ പകയുടെയും അവിവേകത്തിന്റെയും മൂർത്തീഭാവം. ബ്രഹ്മശിരോസ്ത്രം വരുത്തുന്ന ദുരന്തങ്ങൾ ബോധ്യപ്പെടുത്തിയിട്ടും പിൻവലിക്കാൻ തയ്യാറായില്ല. ഗർഭസ്ഥശിശുവിനെപ്പോലും കൊല്ലാൻ മടിക്കാത്ത, താൻ നശിച്ചാലും ശത്രുവിന്റെ വംശം നശിക്കണം എന്ന പ്രതികാരദാഹം. ചോരയും ചലവും നാറി തെണ്ടിയലയുവാൻ ശ്രീകൃഷ്ണൻ ശപിച്ചു. അങ്ങനെ തന്നെ സംഭവിക്കുമെന്ന വ്യാസന്റെ ശാപം ഏറ്റു. ശപിക്കപ്പെട്ടവനായി. മനസ്സ് ദുഷിച്ചാൽ എത്രമാത്രം ദുഷിക്കാമെന്നതിന്റെ ഉദാഹരണം.

7 b) ആമുഖം, കർത്താവ് - ഒ.വി.വിജയൻ. പാഠം - കടൽത്തീരത്ത്

പൊതിച്ചോറ് പ്രധാനകഥാപാത്രം - പൊതിച്ചോറിൽ തുടങ്ങി ബലിച്ചോറിൽ അവസാനിക്കുന്ന കഥ - യാത്രയ്ക്കിടയിൽ കഴിക്കാൻ കോടച്ചി കെട്ടിക്കൊടുക്കുന്ന പൊതിച്ചോർ. കഥയുടെ വൈകാരികത സംവേദിപ്പിക്കാൻ പൊതിച്ചോറിനെ ഉപയോഗിക്കുന്നു - പൊതിച്ചോറിന്റെ നനവ് കയ്യിൽ തട്ടുമ്പോൾ കോടച്ചിയൊഴുക്കിയ കണ്ണീരിന്റെ നനവായി, മാതൃത്വത്തിന്റെ സാന്നിധ്യവും കഥയിലെ ദുഃഖപശ്ചാത്തലവും - യാത്രയിലും കണ്ണൂരിലെത്തിയ ശേഷവും പൊതിച്ചോറ് കഴിച്ചില്ല. മകനെ തൂക്കിലേറ്റാൻ പോകുമ്പോൾ ആർക്കാണ് കഴിക്കാനാവുക - ഇടയ്ക്കിടെ പൊതിച്ചോറിന്റെ പരാമർശം കഥയുടെ വൈകാരികത മുറുകിനില്ക്കാൻ സഹായിക്കുന്നു. ജയിലിൽ എത്തുമ്പോഴേക്കും പൊതിച്ചോറ് പുളിച്ചു തുടങ്ങി. മകനെ നിനക്ക് തരാൻ എന്റെ കയ്യിൽ ഇതുമാത്രമേ ഉള്ളൂ എന്ന ദാരിദ്ര്യം - മൃതദേഹം ഏറ്റുവാങ്ങാൻ പോലും കഴിയാത്ത അച്ഛൻ - മകനെ ദഹിപ്പിച്ചു കഴിയുമ്പോൾ കടൽത്തീരത്ത് വെച്ച് പൊതിച്ചോറ് മകന് ബലിച്ചോറായി സമർപ്പിക്കുന്നു. കഥയിലുടനീളം വായനക്കാരന്റെ മനസ്സുനീറ്റിക്കൊണ്ട് പൊതിച്ചോർ ഒരു കഥാപാത്രമായി നിറഞ്ഞു നിൽക്കുന്നു.

7 c) ആമുഖം. പാഠം - പണയം ചെറുകഥ. കർത്താവ് - ശ്രീ.ഇ.സന്തോഷ് കുമാർ

ചെമ്പുമത്തായി - പണത്തിന് മീതെ പരുന്തും പറക്കില്ലെന്ന വിശ്വാസം. മനുഷ്യബന്ധങ്ങൾക്കോ കലകൾക്കോ സാഹിത്യത്തിനോ മറ്റു നന്മകൾക്കോ മൂല്യങ്ങൾക്കോ ജീവിതത്തിൽ സ്ഥാനമില്ല - ദരിദ്രനായ ചാക്കുണ്ണി റേഡിയോയെ ജീവനുതുല്യം സ്നേഹിക്കുന്നു - മകന്റെ ജീവൻ രക്ഷിക്കാനാണ് റേഡിയോ പണയം

വച്ചത് - ജീവിതത്തിന്റെ ഒരുഭാഗം തന്നെ അടർത്തിമാറ്റിയ അനുഭവം - ഇടയ്ക്കിടെ റേഡിയോയുടെ ബാറ്ററി മാറിയിടാൻ വരുന്നതും കുട്ട്യോളെപ്പോലെ നോക്കേണ്ട സാധനമാണെന്ന് പറയുന്നതും - ചെമ്പുമത്തായിക്ക് മക്കളെന്നോ ഭാര്യയെന്നോ ഒന്നുമില്ല - പണം, പലിശ എന്നുള്ള ചിന്ത മാത്രം - റേഡിയോ പരിപാടികളെപ്പറ്റി ചാക്കുണ്ണി പറയുമ്പോൾ മത്തായി പറയുന്ന അഭിപ്രായമാണ് മനുഷ്യരെ മെനക്കെടുത്തുന്ന പരിപാടികൾ എന്നത് - റേഡിയോ കേൾക്കുന്ന സമയം കൂടി പണിയെടുത്താൽ കൂടുതൽ കാശുണ്ടാക്കിക്കൂടെ എന്ന അയാളുടെ അഭിപ്രായത്തോട് നമുക്ക് യോജിക്കാനാവില്ല - മനുഷ്യജീവിതത്തിൽ കലകൾക്കും ബന്ധങ്ങൾക്കും ഒക്കെ സ്ഥാനം ഉണ്ടാവണം - അതിന് ഒരു നല്ല ഹൃദയം വേണം. സ്നേഹിക്കാനും സ്നേഹം അനുഭവിക്കാനും കഴിയണം.

8. **ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.** (2x3=6)

8 a) ആമുഖം. പാഠം - അമ്മത്തൊട്ടിൽ. കവിത. കർത്താവ് - ശ്രീ.റഫീഖ് അഹമ്മദ്

ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി വയോധികയും മരണാസന്നയുമായ അമ്മയെ ഉപേക്ഷിക്കാൻ ഇറങ്ങിത്തിരിച്ച മകന്റെ ഓർമ്മ - ഉപേക്ഷിക്കാൻ കഴിയാത്ത സാഹചര്യം - കാറിന്റെ ചില്ലുയർത്തുമ്പോൾ ആരോഗ്യമുള്ള മകന് പോലും ഏറെത്തണുക്കുന്നു - കൊടുംതണുപ്പിലാണ് അമ്മയെ ഉപേക്ഷിക്കാൻ ശ്രമിച്ചതെന്ന തിരിച്ചറിവ് - അമ്മയുമായി ബന്ധപ്പെട്ട ഓർമ്മകൾ തിക്കിത്തിരക്കുന്നു - മകന് തണുത്തപ്പോൾ അമ്മ കരിമ്പടം പുതപ്പിച്ചത് - അമ്മയുടെ വയറ്റത്ത് പറ്റിക്കിടന്ന് തണുപ്പ് മാറ്റിയത് - പണിയെടുത്ത മുഷിവും കാച്ചെണ്ണയുടെ ഗന്ധവും ഇടകലർന്ന അമ്മയുടെ അന്നത്തെ മണം - പുലർച്ചെ മകന് തണുപ്പകറ്റുവാൻ ഓലക്കൊടികൾ തീയിട്ടപ്പോഴനുഭവിച്ച പുകമണം - ഓർമ്മകളിൽ അമ്മയുടെ സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും സുഗന്ധം - ആ അമ്മയെയാണല്ലോ ഉപേക്ഷിക്കാൻ ഇറങ്ങിത്തിരിച്ചത് എന്ന കുറ്റബോധം - ഭാര്യ ഇന്നും പഴിപറഞ്ഞേക്കാമെങ്കിലും അമ്മയെ ഉപേക്ഷിക്കാൻ തനിക്കാവില്ലെന്ന നിലപാടിനും മാനസികസംഘർഷ ങ്ങൾക്കും പിന്നിൽ ഈ ഓർമ്മകൾ തന്നെ.

8 b) ആമുഖം. കർത്താവ് - കുമാരനാശാൻ. പാഠം - പ്രിയദർശനം. കൃതി - നളിനി.

ഭാവശാലികൾ നളിനിയും ദിവാകരനും - ബാല്യത്തിൽ കളിക്കൂട്ടുകാർ - വേർപെട്ട് വർഷങ്ങൾക്കുശേഷം വീണ്ടും അവിചാരിതമായി കണ്ടുമുട്ടുമ്പോൾ രണ്ടുപേരും സന്യാസജീവിതത്തിൽ - നളിനിയിൽ പഴയ ഓർമ്മകൾ സജീവം - ദിവാകരൻ അചഞ്ചലമായി സന്യാസത്തിൽ ഉറച്ചുനില്ക്കുന്നു - തന്നെ കണ്ട മാത്രയിൽ ഓർക്കാഞ്ഞതിൽ പരിഭവിക്കുന്ന നളിനി - തമ്മിലുണ്ടായിരുന്ന അഗാധബന്ധത്തെ ക്കുറിച്ചു പറയുമ്പോഴും താൻ ആരെന്ന് ഓർമ്മിപ്പിക്കേണ്ടി വന്നത് ദുഃഖിതയാക്കി - കണ്ടുമുട്ടിയതിന്റെ സന്തോഷത്തെപ്പോലും ഇല്ലാതാക്കി - ഭാവശാലികൾ പിരിഞ്ഞ ശേഷം വീണ്ടും കണ്ടുമുട്ടുമ്പോൾ ഉണ്ടാകുന്ന സുഖോദയം ഇങ്ങനെ വികലമാകുമെന്ന് കവി സമർത്ഥിക്കുന്നു.

8 c) ശ്രീ.വൈലോപ്പിള്ളി ശ്രീധരമേനോൻ. കൃതി - വിട. പാഠം - ഔണമുറ്റത്ത്. ഓണം മലയാളിക്ക് ഗൃഹാതുരസ്മരണകളുയർത്തുന്ന ആഘോഷം - കാർഷികോൽസവം - കേരളീയ സംസ്കാരത്തോട് അങ്ങേയറ്റത്തെ കൂറ് പുലർത്തുന്ന കവി - പഴമയുടെ ആഘോഷങ്ങളോട് പുതിയതലമുറയ്ക്കുള്ള അവഗണന സഹിക്കാനാവില്ല - ഇന്ന് കൃഷിക്കും കാർഷികമായ അനുഷ്ഠാനങ്ങൾക്കും പ്രാധാന്യമില്ല - പുതിയതലമുറ യിലെ പരിഷ്കാരികൾക്ക് പഴമയെ പുച്ഛം - കമ്പോളസംസ്കാരത്തിന്റെ കടന്നുകയറ്റ ത്തിൽ മണ്മറയുന്ന പൈതൃകത്തെ ഗൃഹാതുരത്വത്തോടെ ഓർക്കുന്നു - താൻ പഴമയെ സ്നേഹിക്കുന്ന പുള്ളുവൻ - പരിഷ്കാരികൾ പഴവും അരിയും ഒക്കെ തന്ന് ഒഴിവാക്കാൻ നോക്കിയാലും പുച്ഛത്തെ വകവെക്കില്ല - തന്റെ അഭിമാനം അവർക്കു

മനസിലാവില്ല - പഴമയുടെ ആഘോഷങ്ങളെ പുതിയതലമുറ വേണ്ടപോലെ ഉൾക്കൊള്ളുന്നില്ലെന്ന് ഇങ്ങനെയൊക്കെ അവതരിപ്പിക്കുന്നു.

9. **ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.** (2x3=6)

9 a) കൃതി - ചട്ടമ്പിസ്വാമികൾ. കർത്താവ് - രാജൻ തുവ്വാര

സുബ്ബജടാവല്ലഭരുടെ ശിഷ്യനായത് ചട്ടമ്പിസ്വാമികളുടെ ജീവിതത്തിലെ പ്രധാന വഴിത്തിരിവ് - നവരാത്രി ഉത്സവത്തോടനുബന്ധിച്ചുള്ള വിദ്വൽസദസ്സിന് വേദ-വേദാന്തപാരംഗതനും അപാരജ്ഞാനിയുമായ സുബ്ബജടാപാഠികൾ എത്തുന്നു - സ്വാമിനാഥ ദേശികർ മുഖേന പരിചയപ്പെടുന്നു - പ്രഥമദർശനത്തിൽ കുഞ്ഞൻപിള്ളയുടെ വിനയവും മേധാശക്തിയും ജടാപാഠികളെ ആകർഷിച്ചു - കൂടുതലടുത്തപ്പോൾ പുത്രനിർവ്വിശേഷമായ സ്നേഹം - തിരികെ പോകുമ്പോൾ സ്വദേശമായ കല്ലടക്കുറിച്ചിയിലേക്ക് ക്ഷണം - സ്വാമിനാഥദേശികരുടെ അനുജ്ഞയോടെ കല്ലടക്കുറിച്ചിയിലേക്ക് - ജീവിതത്തിലെ പ്രധാന വഴിത്തിരിവ് - കല്ലടക്കുറിച്ചിയിൽ ജയാവല്ലഭർ എന്നറിയപ്പെട്ടിരുന്ന ജടാപാഠികൾ വേദം, വേദാന്തം, തർക്കം, വ്യാകരണം എന്നിവയിലെല്ലാം കിടയില്ലാത്ത മഹാ പണ്ഡിതൻ - പ്രഗത്ഭരായ ആളുകൾ ഇടതടവില്ലാതെ മഠത്തിൽ വന്നിരുന്നു. ആധികാരികവും ശാസ്ത്രീയവുമായ വാദപ്രതിവാദങ്ങൾകൊണ്ട് മുഖരിതമായ അന്തരീക്ഷം കുഞ്ഞൻപിള്ളയിൽ വികസിച്ചു വന്ന സാംസ്കാരിക പ്രതികരണങ്ങൾക്ക് വളമേകി - പല സംഗീതോപകരണങ്ങളിലും കുഞ്ഞൻപിള്ള പ്രാവീണ്യം നേടി - കുഞ്ഞൻപിള്ളയുടെ പ്രതിഭയെ തേച്ചുമിനുക്കിയെടുത്ത കാലം. മുനിസമാനനായ ജടാപാഠികൾ തന്റെ വിജ്ഞാനഭണ്ഡാരത്തിലുണ്ടായിരുന്ന സിദ്ധികളും ജ്ഞാനവും ശിഷ്യന് പകർന്നു - ഇത് കേരളത്തിലെ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകി. ശിഷ്യന് പ്രതിഭയും ജ്ഞാനവും വേണ്ടുവോളമുണ്ടെന്നും അത് സമൂഹത്തിന്റെ ഉന്നമനത്തിനും സാമൂഹികപരിഷ്കരണത്തിനും വേണ്ട ഊർജ്ജം നൽകുമെന്നും ഗുരു തിരിച്ചറിഞ്ഞു - വിവിധങ്ങളായ മേഖലകളിൽ മികവ് തെളിയിച്ചുകൊണ്ടിരുന്ന ശിഷ്യനെ ഗുരു അനുഗ്രഹിച്ചു.

9 b) കൃതി - ചട്ടമ്പിസ്വാമികൾ. കർത്താവ് - രാജൻ തുവ്വാര

ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും തമ്മിൽ അസാധാരണവും ദൃഢവുമായ ഒരു സൗഹൃദം സ്ഥാപിച്ചിരുന്നു. അവർ ഇരുവരും തൈക്കാട് താമസിച്ചിരുന്ന അയ്യാവുസ്വാമികളെ ഇടയ്ക്ക് കാണാൻ പോകുമായിരുന്നു. ഇരുവരും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തിരുന്നു.

എന്നാൽ അയ്യാവുസ്വാമികളിലുണ്ടായ ചില മാറ്റങ്ങൾ ചട്ടമ്പിക്കും ശ്രീ നാരായണനും ഒട്ടും സഹിച്ചില്ല. രാസപ്രക്രിയ ഉപയോഗിച്ച് സ്വർണ്ണം നിർമ്മിക്കുന്നതിന്റെ തിരക്കിലായിരുന്നു അയ്യാവുസ്വാമികൾ. വേദാന്തവിഹായസ്സിൽ ഉയർന്നു വരുന്ന പക്ഷിരാജന്റെ കണ്ണുകൾ ഭൂമിയിലെ ജീർണ്ണിച്ച നാറിയ ഉച്ഛിഷ്ടമായ സ്വർണ്ണത്തിൽ പതിഞ്ഞപ്പോഴാണ് ചട്ടമ്പിസ്വാമികളും നാരായണഗുരുവും അയ്യാവുവിന്റെ ആശ്രിതത്വം ഉപേക്ഷിക്കാൻ തീരുമാനിച്ചത്.

9 c) ചട്ടമ്പിസ്വാമികൾക്ക് വിദ്യാധിരാജൻ എന്ന വിശേഷണം ലഭിച്ചതെങ്ങനെ?

കൃതി - ചട്ടമ്പിസ്വാമികൾ. കർത്താവ് - രാജൻ തുവ്വാര

വിജ്ഞാനദാഹിയായിരുന്ന ചട്ടമ്പിസ്വാമികൾ സ്വന്തം വിജ്ഞാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ തുടർന്നു - അക്കാലത്തെ പ്രശസ്തതന്ത്രിമാരായ കൂപക്കര പോറ്റിമാരുടെ മഠത്തിൽ നിരവധി താന്ത്രികഗ്രന്ഥങ്ങളുണ്ടെന്ന് മനസിലാക്കി - അവിടുത്തെ കാര്യസ്ഥന്റെ സഹായത്താൽ അവ പരിശോധിക്കുകയും പ്രധാന വിവരങ്ങൾ കുറിച്ചെടുക്കുകയും ചെയ്തു. തന്ത്രിമാർ രഹസ്യമാക്കി വെച്ചിരുന്ന ക്ഷേത്രാനുഷ്ഠാന

വിധികളും പൂജാവിധികളും പ്രതിഷ്ഠാവിധികളും ശ്രീഭൂതബലി, ഉത്സവബലി തുടങ്ങിയവയെക്കുറിച്ചുള്ള താന്ത്രികവിധികളും സ്വാമികൾ അങ്ങനെയാണ് മനസിലാക്കിയത്. ഇതറിഞ്ഞ കൂപക്കരപോറ്റിമാർ ചട്ടമ്പിയെ പരീക്ഷിക്കുന്നതിനായി തന്ത്രസമുച്ചയത്തിലെ ചില സങ്കീർണ്ണചോദ്യങ്ങൾ ചോദിച്ചു – എല്ലാറ്റിനും ശരിയായ മറുപടികൾ നൽകിയപ്പോൾ പോറ്റിമാർ അതിശയിച്ചുപോയി – കുഞ്ഞൻപിള്ള ചട്ടമ്പിയല്ല ഒരു വിദ്യാധിരാജൻ തന്നെയാണ് എന്നായിരുന്നു പോറ്റിമാരുടെ പ്രതികരണം –ഇങ്ങനെയാണ് ചട്ടമ്പിസ്വാമികൾക്ക് വിദ്യാധിരാജൻ എന്ന വിശേഷണം ലഭിച്ചത്.